# എസ്.ആർ.വി.യു.പി.എസ്

## ചങ്ങൻകുളങ്ങര

# സ്കൂൾ മാസ്റ്റർ പ്ലാൻ

## 2025-26

എസ്.ആർ.വി.യു.പി.എസ്
ചങ്ങൻകുളങ്ങര, ഓച്ചിറ പി.ഓ
കൊല്ലം, പിൻ - 690526
9946009102

# അടിസ്ഥാന വിവരങ്ങൾ

1. വിദ്യാലയത്തിന്റെ പേര് : എസ്.ആർ.വി.യു.പി.എസ്. ചങ്ങൻകുളങ്ങര
2. വിലാസം : ഓച്ചിറ പി.ഒ. കൊല്ലം 690 526
3. ഫോൺ : 0476 2696962
4. സ്കൂൾ കോഡ് : 41254
5. വിദ്യാഭ്യാസ ഉപജില്ല : കരുനാഗപ്പള്ളി
6. വിദ്യാഭ്യാസ ജില്ല : കൊല്ലം
7. റവന്യൂ ജില്ല : കൊല്ലം
8. ബി.ആർ.സി. : കരുനാഗപ്പള്ളി
9. സി.ആർ.സി. : വലിയകുളങ്ങര Govt. എൽ.പി.എസ്.
10. ഗ്രാമപഞ്ചായത്ത് : ഓച്ചിറ (വാർഡ് 12)
11. ബ്ലോക്ക് പഞ്ചായത്ത് : ഓച്ചിറ
12. ജില്ലാ പഞ്ചായത്ത് : കൊല്ലം
13. നിയമസഭാമണ്ഡലം : കരുനാഗപ്പള്ളി
14. ലോകസഭാമണ്ഡലം : ആലപ്പുഴ
15. താലൂക്ക് : കരുനാഗപ്പള്ളി
16. വില്ലേജ് : ഓച്ചിറ
17. ഇ-മെയിൽ : srvupschangankulangara@gmail.com
18. സ്കൂൾ വിക്കി : Srvupschangankulangara

# ഉള്ളടക്കം

*ആമുഖം

*ലക്ഷ്യങ്ങൾ

*വിദ്യാലയത്തിന്റെ ചരിത്രം

* നിലവിലെ അവസ്ഥാവിശകലനം

*മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

*പദ്ധതി വിശദാംശങ്ങൾ

*മോണിറ്ററിംഗ് രീതി

* ഉപസംഹാരം

* അവലോകനം

# ആമുഖം

കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൻ്റെ വടക്കേയറ്റത്തുള്ള ഓച്ചിറ ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്. 47 നോട് ചേർന്ന് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസ്. കേരളത്തിന്റെ വിദ്യാഭ്യാ സ-സാംസ്കാരിക ചരിത്രത്തിൽ എഴുതി ചേർക്കപ്പെട്ട ഒരു പേരാണ് ചങ്ങൻകു ളങ്ങര എന്ന ഗ്രാമവും 'പാഠശാല' എന്ന പേരിലറിയപ്പെട്ടിരുന്ന ഈ വിദ്യാല യവും പരശുരാമൻ സ്ഥാപിക്കപ്പെട്ട 108 ശിവക്ഷേത്രങ്ങളിലൊന്നായ ചങ്ങൻകു ളങ്ങര ശ്രീമഹാദേവർ ക്ഷേത്രം ഈ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രത്തെ ചുറ്റിയാണ് ചങ്ങൻകുളങ്ങര എന്ന സ്ഥലനാമം ഉടലെടുത്തത്. ശംഖ് ഇരുന്ന കുളത്തിൻ്റെ കരയാണ് ചങ്ങൻകുളങ്ങരയായി മാറിയത്. ഓണാട്ടുക്കര പ്രദേശത്തെ ആദ്യകാല സംസ്കൃത-ആയുർവേദ പഠന കേന്ദ്രമായിരുന്ന ഈ സ്ഥാപനത്തിന്, കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അനേകം മഹത് വ്യക്തികളെ വാർത്തെടു ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരുകാലത്ത് ചങ്ങൻകുളങ്ങര എന്ന ഗ്രാമം അറിയപ്പെട്ടി രുന്നത് തന്നെ 'പാഠശാല' എന്നുപേരുള്ള ഈ വിദ്യാലയത്തിൻ്റെ പേരിലായിരുന്നു.

# ലക്ഷ്യങ്ങൾ

* അക്കാദമിക മികവിന് ഉതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.

* തികച്ചും സൗജന്യമായ വിദ്യാഭ്യാസം ഗ്രാമീണ അന്തരീക്ഷത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

. എൽ.കെ.ജി. മുതൽ ഏഴാം ക്ലാസ് വരെ ഓരോ ക്ലാസ്സടിസ്ഥാനത്തിലും കുട്ടികൾക്ക് നേടേണ്ട ശേഷികൾ നേടുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

* ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ ഒരു സാമൂഹ്യസ്ഥാ-പനമാക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

* സ്കൂൾ ക്യാച്ച്മെൻറ് ഏരിയയിലെ മുഴുവൻ ജനവിഭാഗങ്ങളുടേയും കുട്ടി കളെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

* പ്രീ-പ്രൈമറി വിഭാഗം ശാക്തീകരിക്കുക..ഇംഗ്ലീഷിൽ അനായാസം ആശയവിനിമയം നടത്താൻ കഴിവുള്ളവരായി വിദ്യാർത്ഥികളെ മാറ്റിയെടുക്കുക.

* എല്ലാ കുട്ടികളെയും വായനശീലമുള്ളവരായി മാറ്റിയെടുക്കുക.

* വിദ്യാലയത്തിൻ്റെ പരിധിയിൽ വരുന്ന പ്രൈമറി വിദ്യാഭ്യാസത്തിൻ്റെ പ്രായത്തിലുള്ള എല്ലാവരേയും സ്കൂളിലേക്ക് ആകർഷിക്കുക.

* പൊതുവിദ്യാലയത്തിൻ്റെ കരുത്ത് സമൂഹത്തെ ബോധ്യപ്പെടുത്തി പിന്തുണ ആർജ്ജിച്ചെടുക്കുക.

* പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും അവസരങ്ങളും പങ്കാളി ത്വവും നൽകി അവരുടെ വിവിധതരത്തിലുള്ള കഴിവുകൾ വികസിപ്പിച്ചെടുക്കുക.

* ആകർഷണീയമായതും ആധുനിക സൗകര്യങ്ങളോടുകൂടിയതുമായ പഠനാന്തരീക്ഷം ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികളുടേയും ആരോഗ്യസംരക്ഷണവും പോഷകാഹാരം, ശുചിത്വ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികൾക്കും രചനാപരമായ കഴിവ് ഉണ്ടാക്കിയെടുക്കുക.

* സ്കൂളിൽ ചേർന്ന ഒരു കുട്ടിപോലും അറിവും കഴിവും നേടാതെ പുറത്തുപോകില്ലെന്ന് ഉറപ്പുവരുത്തുക.

* ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കൽ എന്നത് തൻ്റെ കടമയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ശീലം വിദ്യാലയത്തിൽ നിന്നും നേടിയെടുക്കാനുള്ള അവസരം ഉണ്ടാക്കിയെടുക്കുക.

* വിദ്യാലയത്തിൻ്റെ ഭൗതികസാഹചര്യം കുട്ടികൾക്ക് വേണ്ടിയുള്ളത് മാത്രമാണെന്ന് ഉറപ്പാക്കുക.

*സമൂഹപങ്കാളിത്തത്തോടുകൂടി സ്കൂൾ ലൈബ്രറി വികസിപ്പിച്ചെടുക്കുക.

* വിദ്യാലയത്തിൻ്റെ മികവുകൾ സമൂഹത്തെ അറിയിച്ച് പൊതുവിദ്യാഭ്യാസത്തിന്റെ കരുത്ത് മനസ്സിലാക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

* വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം ഓരോ കുട്ടിയു ടേയും എല്ലാ വിഷയങ്ങളിലേയും നിശ്ചിതകാലയളവിലെ പഠനപുരോ ഗതി, പഠനപ്രശ്നങ്ങൾ, മറ്റ് കഴിവുകൾ എന്നിവ രക്ഷാകർത്താക്കളുടെ എല്ലാ ആഴ്ചയിലും ബോദ്ധ്യപ്പെടുത്തി രക്ഷാകർത്താക്കളുടെ പിന്തുണ ആർജ്ജിച്ചെടുക്കുക.

*വിദ്യാലയപ്രവർത്തനങ്ങളിൽ കുട്ടികളുടേയും രക്ഷാകർത്താക്കളുടേയും അഭിപ്രായങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാൻ ശ്രമിക്കുക.

*ഭിന്നശേഷിയുള്ള കുട്ടികളെ സമൂഹത്തിൻ്റെ മുൻനിരയിലേക്ക് കൊണ്ടുവ രേണ്ടത് തന്റെ കൂടി കടയാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.

* ക്ലാസ് പി.റ്റി.എ. ശക്തമാക്കുക.

* ശരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിച്ചെടുക്കാൻ അവസരമൊരുക്കുകയും അതിനുള്ള പഠനോപകരണങ്ങളും കളി ഉപകരണങ്ങളും ലഭ്യമാക്കുക.

*കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം കൂടുതൽ കാര്യക്ഷമമാക്കിയെടുക്കുക.

*സവിശേഷദിനങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും ബോദ്ധ്യപ്പെടുത്തി യെടുക്കുക.

*കായികക്ഷമതയുള്ള തലമുറയെ വളർത്തിയെടുക്കുക.

* പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠനത്തിൻ്റെ പിന്നോ ക്കാവസ്ഥ പരിഹരിക്കുക.

*പ്രവർത്തിപരിചയമേളകളിലെ ഇനങ്ങൾക്കെല്ലാം സ്കൂളിൽ നിന്നും വിദ്യാർത്ഥികളുടെ പങ്കാളിത്വം ഉറപ്പുവരുത്തുക.

*പൊതുവിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കുന്നവിധം എല്ലാ ക്ലാസ്സിലും എല്ലാ പഠനോപകരണങ്ങളും ഉറപ്പുവരുത്തുക.

*കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ ഉയർത്തിയെടുക്കുക.

* കുട്ടികളിൽ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക, സാഹിത്യകാരന്മാരേയും സാഹിത്യകൃതികളേയും അറിയുന്നതിനുള്ള വേദി ഒരുക്കിയെടുക്കുക.

* സഭാകമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും ഉണ്ടാക്കുക.

* എല്ലാ കുട്ടികളേയും ഉൾപ്പെടുത്തി അക്കാദമിക മികവിനായി പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിച്ച് സ്വയം പഠനശേഷി വികസിപ്പിച്ചെടുക്കുക.

* പ്രവർത്തി പരിചയമേളകളിൽ പങ്കെടുക്കാനുള്ള നൈപുണ്യം നേടിയെടുക്കുക.

*ആധുനിക സാങ്കേതിക വിദ്യയിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നോക്കമാകില്ലെന്ന് ഉറപ്പുവരുത്തുക.

* 7-ാം ക്ലാസ്സിൽ കുട്ടി ആകുമ്പോഴേയ്ക്കും കമ്പ്യൂട്ടറിൽ സ്വന്തം വിവരങ്ങൾ മലയാളത്തിൽ ടൈപ്പ് ചെയ്ത് സൂക്ഷിക്കാനുള്ള കഴിവ് വളർത്തിയെടു ക്കുക.

* വിദ്യാലയമികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികൾ വർഷ ത്തിൽ 3 തവണയെങ്കിലും ഒരുക്കുന്നതിന് സംഘടിപ്പിക്കുക.

*വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സമൂഹ ത്തിൽ സ്കൂളിൻ്റെ സ്വീകാര്യത ഉറപ്പുവരുത്തുക.

* ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തുക.

*വിദ്യാലയത്തിൻ്റെ പുരോഗതിക്കായി താല്പര്യമുള്ള എല്ലാ വിഭാഗം ജന ങ്ങളുടേയും പിന്തുണ വിദ്യാലയത്തിന് ലഭ്യമാക്കുക.

# വിദ്യാലയത്തിന്റെ ചരിത്രം

ഓണാട്ടുകര പ്രദേശത്തെ ആദ്യകാല ആയുർവേദ സംസ്കൃത പഠന കേന്ദ്രമായി ആരംഭിച്ച സ്കൂൾ അന്ന് 'പാഠശാല' എന്ന പേരിലാണ് അറിയപ്പെ ട്ടിരുന്നത്. കേരളപ്പിറവിയോടെ എയ്ഡഡ് യു.പി. സ്കൂളായി മാറിയ സ്കൂൾ ശ്രീരാമവിലാസം അപ്പർ പ്രൈമറി സ്കൂൾ (എസ്.ആർ.വി.യു.പി.എസ്) എന്ന പേരിൽ കരുനാഗപ്പള്ളി ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിലൊന്നായി പ്രവർത്തിക്കുന്നു. തോപ്പിൽഭാസി, കാമ്പിശ്ശേരി കരുണാകരൻ, പുതുശ്ശേരി രാമ ചന്ദ്രൻ, ശൂരനാട് കുഞ്ഞൻപിള്ള, മുതുകുളം രാഘവൻ, രാമൻപിള്ള ആശാൻ എന്നീ പ്രഗത്ഭമതികൾ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളിൽ ചിലർ മാത്രം. സംഗീത-നൃത്തരംഗങ്ങളിൽ അതുല്യപ്രതിഭയായിരുന്ന ശ്രീ. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി വിദ്യാർത്ഥിയായും തുടർന്ന് ദീർഘകാലം പി.റ്റി.എ. പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ശ്രീ. കുറ്റിയിൽ സുരേഷ് പ്രസിഡൻറായി ശക്തമായ ഒരു പി.റ്റി.എ. ഇപ്പോഴും പ്രവർത്തിക്കുന്നു. വള്ളത്തോൾ നാരായണ മേനോൻ, തകഴി ശിവശങ്കരപ്പിള്ള തുടങ്ങിയ മഹാന്മാരുടെ പാദസ്പർശമേറ്റ ഈ പുണ്യഭൂമി ഇന്ന് 500 ലധികം വിദ്യാർത്ഥികളാലും 25 ൽപരം അധ്യാപക-അനധ്യാപക ജീവന ക്കാരാലും സമ്പന്നമാണ്.

കലോത്സവങ്ങളിലും ശാസ്ത്രമേളകളിലും സംസ്ഥാനതലം വരെയുള്ള പങ്കാളിത്തവും ഒപ്പം സമ്മാനങ്ങളും നേടാൻ ഞങ്ങളുടെ കുട്ടികൾക്ക് കഴിഞ്ഞി ട്ടുണ്ട്. കൂടാതെ, വിവിധ ക്വിസ് മത്സരങ്ങൾ, ദേശീയ ബാലശാസ്ത്ര കോൺഗ്രസ്, ലൈബ്രറി കൗൺസിൽ സംസ്ഥാനതല വായനമത്സരം തുടങ്ങിയവയിലെല്ലാം സമ്മാനങ്ങൾ നേടിയിട്ടുണ്ട്. കുട്ടികളുടെ കഴിവുകളും പോരായ്മകളും തിരിച്ച റിഞ്ഞ് അവരെ സ്വന്തം മക്കളായി കണ്ട് അറിവ് പകർന്നു നൽകുന്ന ഒരുകൂട്ടം മികച്ച അധ്യാപകരാണ് ഈ വിദ്യാലയത്തിലുള്ളത്.

# നിലവിലെ അവസ്ഥാ വിശകലനം

## a. പ്രവർത്തനങ്ങൾ

### നേട്ടങ്ങൾ

* 2008-2009 സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 3 മുറിക ളുള്ള ഒരു കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഫണ്ട് ഉപ യോഗിച്ച് 2015-2016 ൽ ഒരു പാചകപ്പുര നിർമ്മിച്ചിട്ടുണ്ട്. 2014-15 എം. പി.യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് ഒരു ടോയിലെറ്റ് നിർമ്മിച്ചിട്ടുണ്ട്.  കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള ടോയ് ലെറ്റ്  സൗകര്യങ്ങൾ നിലവിലുണ്ട് .

### പരിമിതികൾ

നൂറിലേറെ വർഷം പഴക്കമുള്ള കെട്ടിടങ്ങളിലാണ് ക്ലാസ്സുകൾ നടക്കു ന്നത് സ്റ്റാഫ് റൂം, ലാബ് എന്നിവയ്ക്ക് കെട്ടിടങ്ങളില്ല. കെട്ടിടങ്ങൾ കമ്പികൾ ഉപയോഗിച്ച് ബലപ്പെടുത്തിയിട്ടുണ്ട്. ഒരു ക്ലാസ് മുറി പോലും ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിന് പര്യാപ്തമല്ല. ഫർണിച്ചറുകൾ ആവശ്യമുണ്ട്. ചുറ്റമതിൽ പൂർണ്ണമല്ല. ഓഡിറ്റോറിയം നിലവില്ല. വാഹന ഷെഡ് നിർമ്മിക്കേണ്ടതുണ്ട്. അസംബ്ലി ഹാൾ നിർമ്മിക്കണം. എൽ.കെ.ജി, യു.കെ.ജി. കുട്ടികൾക്കാവശ്യമായ കളി സ്ഥലമോ സംവിധാനങ്ങളോ ഇല്ല. മെസ് ഹാൾ ഇല്ല. ജൈവവൈവി ധ്യപാർക്ക്, പൂന്തോട്ടം എന്നിവ നിർമ്മിക്കേണ്ടതുണ്ട്. 350 കുട്ടികൾക്കാവശ്യമായ കളിസ്ഥലമില്ല. ഏകദേശം 90 സെൻ്റ് സ്ഥലത്ത് പ്രവർത്തി ക്കുന്ന ഈ വിദ്യാലയത്തിൻ്റെ വിദ്യാലയത്തിന്റെ മുൻഭാഗം ഹൈവേ വികസനത്തിന്റെ ഭാഗമായി ഏറ്റെടുത്തതിനെ തുടർന്ന് പുതിയ ചുറ്റമതിൽ നിർമ്മിച്ചിട്ടുണ്ട്.  മൈക്ക് സെറ്റ്, ജന റേറ്റർ ഇവ ആവശ്യമാണ്.

## b. അക്കാദമികം

### നേട്ടങ്ങൾ

* ദേശീയ ബാലശാസ്ത്ര കോൺഗ്രസിൽ കേരളത്തിൽ നിന്ന് ദേശീയ തലത്തിലേക്ക് തെരഞ്ഞെ ടുക്കപ്പെട്ട 12 വിദ്യാർത്ഥികളിൽ ഈ വിദ്യാലയത്തിലെ കൃഷ്ണവേണിഎന്ന കുട്ടി പങ്കെടുത്തിട്ടുണ്ട്. "പാഠശാല" എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. "ഒ.എൻ.വി. പൂർവ്വ വിദ്യാർത്ഥി വേദി" എന്ന പൂർവ്വ വിദ്യാർത്ഥി സംഘടന ഒരു മെച്ചപ്പെട്ട ലൈബ്രറി നിർമ്മിച്ച് നൽകിയിട്ടുണ്ട്. എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് കമ്പ്യൂട്ടർ ലാബിലേക്ക് 5 കമ്പ്യൂട്ടറുകൾ ലഭിച്ചു. പി. റ്റി.എ. ഒരു പ്രൊജക്ടർ നൽകിയിട്ടുണ്ട്. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകുന്നു. ജാലകം എന്ന പേരിൽ സാമൂഹ്യശാസ്ത്ര ക്ലബ്ബ് ആഴ്ചയിൽ ക്വിസ് മത്സരം നടത്തുന്നു. വർഷാ വസാനം മെഗാക്വിസ് നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് ഒരു ക്ലാസ് റൂം ലൈബ്രറി നൽകിയി ട്ടുണ്ട്. വിദ്യാരംഗം-കലാസാഹിത്യവേദി 'വൈഖരി' എന്ന പേരിൽ ഒരു മാസിക പുറത്തിറക്കുന്നുണ്ട്.

ആഴ്ചയിൽ ആഴ്ചയിലെ പത്രവാർത്തകൾ ഉൾപ്പെടുത്തി ലോകം പോയ വാരം ക്വിസ് സംഘടിപ്പിക്കുന്നുണ്ട്. സീഡ് ക്ലബ്, നല്ലപാഠം ക്ലബ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ജില്ലയിൽ കഴിഞ്ഞവർഷം മികച്ച പ്രവർത്തനം കാഴ്ച വെച്ചു.ജില്ലയിൽ ഫുൾ എ+ ഉം ക്യാഷ് അവാർഡും കഴിഞ്ഞ വർഷം നല്ലപാഠം ക്ലബിന് ലഭിച്ചു. സീഡ് ക്ലബിന് ജില്ലയിൽ എ ഗ്രേഡും ഹരിത ജ്യോതി പുരസ്കാരവും ലഭിച്ചു. ഈ വർഷവും മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്..

സമഗ്ര ഗുണമേന്മ വിദ്യഭ്യാസത്തിന്റെ ഭാഗമായി ഹെല്പ് ലൈൻ നമ്പറുകൾ, റോഡ് സുരക്ഷാ ബോർഡ്, ലഹരി വിരുദ്ധ ബോർഡ്, സ്കൂൾ വാഹനത്തിലെ ഡ്രൈവർക്കുള്ള ബോധവത്കരണ ക്ലാസ്, ആരോഗ്യ ശുചിത്വ ക്ലാസുകൾ, യോഗ ക്ലാസുകൾ,സൂംബ്ബ ഡാൻസ്,കായിക പരിശീലന ക്ലാസുകൾ, കരാട്ടെ പരിശീലന ക്ലാസുകൾ , ചെസ്സ് പരിശീലനം, എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിലും പ്രവേശനോത്സവം തുടങ്ങിയുള്ള എല്ലാ ദിനാചരണ പ്രവർത്തനങ്ങളിലും കുട്ടികളുടെ കൊഴിഞ്ഞു പോക്ക് സംബന്ധിച്ച് പി ടി എ യുടെ പ്രവർത്തങ്ങളിലും ഫണ്ട് വിനിയോഗത്തിലും പഞ്ചായത്തിന്റെ പൂർണ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

ഉച്ചഭക്ഷണ പരിപാടിയും പൊതു ആഘോഷങ്ങളിലും ക്ലാസ് പി ടി എ യിലും പിന്നാക്ക നിലവരമുള്ള കുട്ടികളെ കണ്ടെത്തി പഠന സഹായ പ്രവർത്തനങ്ങളിലും മാതൃ സമതിയെ പങ്കെടുപ്പിച്ചുകൊണ്ട് മുന്നോട്ട് പോകും മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഓരോ ദിവസവും സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

* പ്രീ ടെസ്റ്റ് നടത്തി പഠനവിടവുള്ള കുട്ടികളെ കണ്ടെത്തി ക്ലാസുകൾ എടുക്കുക

* ജൂൺ മുന്ന് മുതൽ പതിമൂന്ന് വരെ 1 മണിക്കൂർ എക്സ്ട്രാ ചെയ്യേണ്ട പ്രവർത്തങ്ങൾ ആസൂത്രണം ചെയ്യുക

* 3 മാസത്തെ മാസ്റ്റർ പ്ലാൻ തയാറാക്കുക അതിൽ പഠന വിടവ് നികത്തനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കുക

* എഴുത്തും വായനയും കൃത്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഭാഷ അധ്യാപകർ ചെയ്യുക

*ജനകിയ സമിതിക്ക് അക്കാദമിക് കാര്യങ്ങളിൽ ഇടപെടാനുള്ള അധികാരമുണ്ട് .

* ഓരോ വിഷയത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പ്രത്യേകം പ്രവർത്തനങ്ങൾ തയ്യാറാക്കണം

*പഠനവിടവുള്ള കുട്ടികളെ അത് നികത്തി ഒരു മാസത്തിനകം മറ്റ് കുട്ടികൾക്ക് ഒപ്പം എത്തിക്കണം

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം | കളിസ്ഥലം | * പി.റ്റി.എ. ശക്തിപ്പെടുത്തൽ |
| * ഗണിതശേഷി വികസനം | ചിൽഡ്രൻസ് പാർക്ക് | * വിദ്യാലയ വികസനസമിതി |
| * ഇംഗ്ലീഷ് പഠന പരിപോഷണം | ക്ലാസ് മുറികൾ | പൂർവ്വ വിദ്യാർത്ഥി സംഘടന യുടെ പ്രവർത്തനം |
| * ശാസ്ത്രപോഷണ പരിപാടി | ഓഫീസ് മുറി | എസ്.എസ്.ജി. |
| * വായന പരിപോഷണം | സ്റ്റാഫ് മുറി | * ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാ ഭ്യാസ പ്രവർത്തകർ, പൂർവ്വാ ധ്യാപകൻ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| * ലൈബ്രറി ശാക്തീകരണം | വിശ്രമമുറി | ക്ലാസ് പി.റ്റി.എ. മാതൃകപരമാ ക്കുന്നതിനുള്ള നടപടികൾ. |
| * ലബോറട്ടറി ആധുനികവത്കരിക്കൽ | കമ്പ്യൂട്ടർ റൂം | * വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ. |
| * പ്രതിഭാപോഷണ പരിപാടി | മൾട്ടിമീഡിയ റൂം | * വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെട്ടു ത്തൽ. |
| * നാടകക്കളരി | ലൈബ്രറി | റിസോഴ്സ് മാപ്പിംഗ്. |
| * ജൈവ വൈവിധ്യ പാർക്ക് | അടുക്കള | പൊതുസമൂഹത്തിന് അവധി ദിവസങ്ങളിൽ കമ്പ്യൂട്ടർ പരി ശീലനം. |
| * സാഹിത്യ പോഷണ പരിപാടികൾ | ഡൈനിംഗ് ഹാൾ | പഠനക്കൂട്ടം. |
| * പഠനയാത്രകൾ | അസംബ്ലി ഹാൾ | പ്രാദേശിക പി.റ്റി.എ. |
| * സെമിനാറുകൾ | കുടിവെള്ള വിതരണം | ഭവന സന്ദർശനം. |
| * കലാ-കായികമേള | മാലിന്യ സംസ്കരണം | |
| * ഐ.റ്റി. പരിശീലനം | ടോയിലറ്റ് | |
| * അദ്ധ്യാപക ശാക്തീകരണ പരിപാടികൾ | ലബോറട്ടറി | |
| * 'ക്ലാസ്സ്' പി.റ്റി.എ. സജീവമാക്കൽ | ഫർണിച്ചർ | |
| * സ്കൂൾ പത്രം/മാസിക | എൻറെ വീട്ടിലും ഒരു കൃഷിത്തോട്ടം | |
| * പ്രവൃത്തി പരിചയപഠനം | എന്റെ ചെടി എനിക്കും പറയാനുണ്ട് | |
| * ഒന്നാം ക്ലാസ് ഒന്നാംതരം | ഭാഷോത്സവം | |
| * എസ്.ആർ.ജി. ശാക്തീകരണം | ഗണിതോത്സവം | |
| * ശാസ്ത്രാഭിരുചി വളർത്തൽ | മെട്രിക് മേള | |
| * പച്ചക്കറിത്തോട്ടം | | |
| * രചനാശില്പശാല | | |
| * അഭിമുഖങ്ങൾ | | |
| * മെഡിക്കൽ ക്യാമ്പ് | | |
| * പോഷകാഹാര പരിപാടി | | |
| * പാവനാടക പരിശീലനം/ ശില്പശാല | | |
| *ഒറിഗാമി ശില്പശാല | | |
| *ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ | | |
| * ഭാഷാലാബ് | | |
| *ബ്ലോഗ് | | |
| * ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ | | |
| * ദിനാചരണം | | |
| *കായിക പഠനം | | |
| *ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | | |
| *പാഠശാല റേഡിയോ | | |
| *പാഠശാല വിഷൻ | | |
| *വിദ്യാലയത്തിനൊരു കുട്ടികർഷകൻ | | |

# മോണിറ്ററിംഗ് രീതി

സ്കൂളിൽ നടത്താനുദ്ദേശിക്കുന്ന വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്. പദ്ധതികളെ ഭൗതികം, അക്കാദമികം, സാമൂഹികം എന്ന രീതിയിൽ തിരിച്ചുകൊണ്ട് ഓരോ പദ്ധതി കൾക്കും അതിനനുസൃതമായ മോണിറ്ററിംഗ് സമിതി ഉണ്ടാകും. അവ താഴെ പറയുന്നു.

## ഭൗതികം

. സാങ്കേതിക വിദഗ്ധർ, പഞ്ചായത്ത്, അദ്ധ്യാപക പ്രതിനിധികൾ

## അക്കാദമികം

* തദ്ദേശസ്വയംഭരണ പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ധർ, എസ്.എം. സി. അംഗങ്ങൾ.

## സാമൂഹികം

* വാർഡ് മെമ്പർ, എസ്.എം.സി. അംഗങ്ങൾ, എച്ച്.എം.

# ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂൾ രൂപപ്പെടുത്തിയിരിക്കുന്ന സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ കുട്ടിക ളുടെ സർവ്വതോന്മുഖമായ വളർച്ചയെ സംരക്ഷിക്കും എന്നത് തർക്കമില്ലാത്ത വസ്തുതയാണ്. ഇതിനായി സ്വയംഭരണസ്ഥാന അംഗങ്ങൾ, എസ്.എസ്.ജി, വിവിധ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടന, മറ്റ് സാംസ്കാരിക സംഘ ടനകൾ തുടങ്ങി വിവിധ തുറകളിൽ പ്രവർത്തിക്കുന്നവരുടെ സഹകരണം പ്രതീ ക്ഷിക്കുന്നു.

പൊതുവിദ്യാലയങ്ങളിലൂടെ പൊതുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പി ച്ചുകൊണ്ട് സമൂഹത്തോട് പ്രതിബദ്ധതയുള്ള ഒരു പുതിയ തലമുറയെ വർത്തെ ടുക്കാമെന്ന പ്രതിജ്ഞയോടെ അതിനുവേണ്ട തറക്കല്ലിടുന്നതിന് ഈ വിദ്യാ ലയം പ്രയോജനപ്പെടുമെന്ന് പ്രതിക്ഷിക്കാം.

# അവലോകനം

സ്കൂളുകളിൽ രൂപപ്പെടുത്തിയ
അക്കാദമിക മാസ്റ്റർ പ്ലാൻ ഓരോ സ്കൂളു കളുടേയും ഭൗതിക, സാംസ്കാരിക സാഹചര്യങ്ങൾക്ക് അനുസരണമായി തയ്യാ റാക്കിയ തനതു പ്രവർത്തനമായതിനാൽ ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനങ്ങൾ സ്കൂളിലെ കുട്ടികളുടെ സമഗ്രവികസനത്തിന് തീർച്ചയായും ഉതകുമെന്ന് പ്രതീക്ഷിക്കുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമയബന്ധിതമായി അർപ്പണബോധമുള്ള അദ്ധ്യാപകരുടേയും മറ്റ് സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാ രിക പ്രവർത്തകരുടേയും സഹകരണത്തോടെ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.